"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിൽ സൂപ്പർന്യൂമററി ക്ലാർക്ക് ആയി സേവനമനുഷ്ഠിക്കെ മരണപ്പെട്ട ശ്രീജിത്ത് സി. എം. എന്നവരുടെ ഭാര്യയും ആശ്രിതയുമായബേബി സജിത വി. ഫയൽ ചെയ്ത OA(EKM) 1354/2025-നമ്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.09.2025 - ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2912/2025/LSGD തീയതി,തിരുവനന്തപുരം, 04-12-2025

---

പരാമർശം:-

1. 24.05.1999-ലെ സ.ഉ.(പി) നം. 12/1999/പി&എ.ആർ.ഡി
2. സ.ഉ.(അ) നം.01/16/സാ.നീ.വ തീയതി 03/02/2016
3. സ.ഉ.(കൈ) നം. 41/2021/തസ്വഭവ തീയതി 14.02.2021.
4. സർ ക്കാരിന്റെ 10.11.2024 ലെ ഇപിഎ3/56/2022-തസ്വഭവ നം. കത്ത്
5. സ.ഉ.(കൈ) നം. 21/2025-F&WD തീയതി 16.07.2025
6. OA(EKM) 1354/2025- നമ്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.09.2025 - ലെ ഉത്തരവ്

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിൽ സൂപ്പർന്യൂമററി ക്ലാർക്ക് ആയിരിക്കെ 15.08.2020 -ൽ മരണപ്പെട്ട ശ്രീജിത്ത് സി.എം. -ന്റെ ഭാര്യയും ആശ്രിതയുമായ ബേബി സജിത വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം(4) പ്രകാരം സർക്കാർ നിരസിച്ചതിനെതിരെ ടിയാൾ ഫയൽ ചെയ്ത OA (EKM)നം. 1354/2025 -നമ്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (6)-ലെ ഉത്തരവിൽ, ഉത്തരവിന്റെ പകർപ്പ് ലഭിച്ച്, രണ്ടുമാസത്തിനുള്ളിൽ അനക്ഷർ എ6 പരിഗണിച്ച് ഉത്തരവാകുന്നതിന് രണ്ടാം എതിർകക്ഷിയായ തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു.

2) ബേബി സജിത, തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മുമ്പാകെ സമർ പ്പിച്ചതാണ് 07/08/2025 തീയതിയായി സമർപ്പിച്ച നിവേദനമാണ് അനക്ഷർ എ6. സർക്കാരിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി താല്ക്കാലികമായി ജോലി ചെയ്തുവന്ന ഭിന്നശേഷിക്കാരായ ജീവനക്കാരെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയവരിൽ ഉൾപ്പെട്ടിരുന്ന ടിയാളുടെ ഭർത്താവ് ശ്രീജിത്ത് സി. എം.-നെ കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിൽ സൂപ്പർന്യൂമററി ക്ലാർക്ക് ആയി നിയമിക്കുകയും, 15.08.2020-ൽ ടിയാൻ മരണപ്പെടുകയും, തുടർന്ന് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള ആശ്രിത നിയമനത്തിന് സമർപ്പിച്ച, അപേക്ഷ സൂപ്പർ ന്യൂമറി തസ്തികയിൽ നിയമിതരായവരുടെ ആശ്രിതർക്ക് നിയമനം നല്കുന്നതിന് പരാമർശം(1)-ൽ വ്യവസ്ഥ ഇല്ലാത്തതിനാൽ നിരസിക്കുകയും, വീണ്ടും സമർപ്പിച്ച

അപേക്ഷ, സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായി മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണെന്നും, പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്ന മുറക്ക് ടിയാളുടെ അപേക്ഷ ഉചിത തലത്തിൽ പരിശോധിക്കുന്നതാണെന്നും പരാമർശം (4) പ്രകാരം അറിയിച്ചതായും അനക്ഷർ എ6 പ്രകാരം അറിയിക്കുകയുണ്ടായി. എന്നാൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച് മരണപ്പെട്ട രണ്ടുപേരുടെ ആശ്രിതർക്ക് പരാമർശം (3),(5) പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി നൽകിയിട്ടുണ്ടെന്നും ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച 23.05.25-ലെ Civil Appeal No.14915 of 2024-ലെ വിധിയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്നവർക്ക് റഗുലർ തസ്തികയിൽ നിയമിതരായവർക്ക് ലഭിക്കുന്ന എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്നും അതിനാൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായി മരണപ്പെട്ടവരുടെ കാര്യത്തിൽ ആശ്രിത നിയമന വ്യവസ്ഥപ്രകാരം ജോലി നൽകുന്ന വിഷയത്തിൽ പരാമർശം(4) പരിശോധിച്ച് അനുകൂലമായ തീരുമാനവും ടിയാളുടെ അപേക്ഷയിൽ ആശ്രിത നിയമന വ്യവസ്ഥപ്രകാരം ജോലി നൽകുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നുമാണ് അനക്ഷർ എ6 -ൽ ആവശ്യപ്പെട്ടിട്ടുള്ളത്.

3)സൂപ്പർന്യൂമററി തസ്തികയിൽ നിയമിതയായി കൊല്ലം ജില്ലയിൽ ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗത്തിലെ നിയമിതയായ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറായിരിക്കെ മരണപ്പെട്ട ജയ.എം.വി-യുടെ മകൾക്ക് പരാമർശം (3) പ്രകാരവും വനം വകുപ്പിൽ 135 താല്ക്കാലിക തസ്തികകൾ സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയതിൽ ഒരാളായ ശിവരാമപിള്ള ഫോറസ്റ്റ് വാച്ചർ ആയി സേവനത്തിലിരിക്കെ മരണപ്പെട്ടതിനെതുടർന്ന് ടിയാളുടെ മകൾക്ക് പരാമർശം (5) പ്രകാരവും ആശ്രിതനിയമനം ലഭിച്ചത്. ടിയാളുകൾക്ക് സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച രീതിയും ശ്രീജിത്ത് സി.എം. -ന് നിയമനം ലഭിച്ച രീതിയും ഭിന്നമാണ്. സാമൂഹ്യനീതിവകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചയാളാണ് ശ്രീജിത്ത് സി.എം. ടി ജീവനക്കാരുടെ സേവന-വേതനവ്യവസ്ഥകൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ടി ജീവനക്കാർക്ക് സ്ഥിരജീവനക്കാരെപോലെ സീനിയോറിറ്റി, പ്രൊബേഷൻ പൂർത്തീകരിക്കുന്നത്, സ്ഥാനകയറ്റം, സ്ഥലംമാറ്റം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്നു വ്യക്തമാക്കിയിട്ടുള്ളതാണ്. പരാമർശം (2)-ലെ സീനിയോറിറ്റി, പ്രൊബേഷൻ എന്നിവയുമായി ബന്ധപ്പെട്ട 5-ാമത്തെയും സ്ഥാനകയറ്റവുമായി ബന്ധപ്പെട്ട 6-ാമത്തെയും വ്യവസ്ഥകൾ റദ്ദാക്കിയ ബഹുഹൈക്കോടതിയുടെയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെയും ഉത്തരവുകൾ, സിവിൽ അപ്പീൽ നം. 14915/2024 -ലെ വിധി പ്രകാരം ബഹു.സുപ്രീം കോടതി ശരിവച്ചിട്ടുള്ളതാണ്. ടി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടി സ്വീകരിച്ചുവരികയാണ്.

4) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ടിയാളുടെ അനക്ഷർ എ6 നിവേദനം പരിശോധിച്ചു. Rights of Persons with Disabilities Act, 2016 പ്രകാരമുള്ള ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്നതിനുള്ള പരിമിതമായ ഉദ്ദേശ്യത്തിനായി സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനം നല്കുവാൻ നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാൽ ബേബി സജിത.വി. യുടെ അനക്സർഎ6-ലെ ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ല. ആയതിനാൽ ടി അനക്സർഎ6 നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം(6) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീമതി ബേബി സജിത വി ( പുന്നോളി വീട്, കീഴരിയൂർ പി.ഒ, കൊയിലാണ്ടി, കോഴിക്കോട് - 673307 )(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം, തിരുവനന്തപുരം
സാമൂഹ്യനീതി വകുപ്പ്
ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്
നിയമ വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നം. EPA3/290/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 04-12-2025 10:58:45